"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - പത്തനാപുരം ടിമ്പർ ഡിപ്പോയിലെ ചുറ്റുമതിൽ നിർമ്മാണവുമായി ബന്ധപ്പെട്ട്-റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.എസ്.പ്രസന്നകുമാറിനെതിരെയുള്ള - അച്ചടക്ക നടപടി- ഔപചാരികാന്വേഷണത്തിന് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.249/2022/F&WLD തീയതി,തിരുവനന്തപുരം, 09-06-2022

---

പരാമർശം:-

1. 31.08.2019-ലെ വിജിലൻസ് & ആന്റി-കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ CPSP-1-27538/2019/DVACB നമ്പർ കത്ത്
2. 05.12.2019-ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി9-6173/2019 നമ്പർ കത്ത്.
3. 10.11.2021 തീയതിയിലെ എ2/98/2019/വനം നമ്പർ കുറ്റപത്രം/കുറ്റാരോപണ പത്രിക.
4. 02.12.2021,12.01.2022 തീയതിയായി ശ്രീ.എസ്.പ്രസന്നകുമാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച അപേക്ഷകൾ.

<u>ഉത്തരവ്</u>

സർക്കാർ ഉടമസ്ഥതയിലുള്ള പത്തനാപുരം ടിംബർ ഡിപ്പോയുടെ ചുറ്റുമതിൽ നിർമ്മാണത്തിനു തടസ്സമായി നിന്നിരുന്ന മരങ്ങൾ മുറിച്ചു മാറ്റിയതിൽ ലഭിക്കേണ്ട തുക പത്തനാപുരം റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ അറിവോടെ തിരിമറി നടത്തിയിട്ടുള്ളതായും മറ്റും ആരോപിച്ച് ശ്രീ.എ.അനീഷ്, മാനേജിംഗ് ഡയറക്ടർ എ.ബി. കൺസ്ട്രക്ഷൻ കമ്പനി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മുൻപാകെ പരാതി നൽകുകയും പരാതി സംബന്ധിച്ച് പുനലൂർ ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അന്വേഷണം നടത്തിയതിൽ ടി മരങ്ങൾ മുറിക്കുന്നതിനായി വ്യാജ ക്വട്ടേഷനുകൾ മറ്റ് ആൾക്കാരുടെ പേരിൽ തയ്യാറാക്കുകയും ടി വ്യാജ ക്വട്ടേഷനുകളുടെ അടിസ്ഥാനത്തിൽ ശ്രീ.ബഷീർ എന്ന ആളുടെ പേരിൽ വ്യാജ വൗച്ചർ സമർപ്പിച്ച് പത്തനാപുരം റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ആയ ശ്രീ.എസ്.പ്രസന്നകുമാർ 42,750/- രൂപയുടെ പണാപഹരണം നടത്തി ഗുരുതര സാമ്പത്തിക തിരിമറി നടത്തിയതായും കണ്ടെത്തിയിട്ടുണ്ട്. കുറ്റക്കാരനാണെന്ന് കണ്ടെത്തിയ ശ്രീ.എസ്.പ്രസന്നകുമാർ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കണമെന്നു ഭരണ വിഭാഗം ഉപമുഖ്യവനപാലകൻ പരാമർശം (2) പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.തുടർന്ന് പരാമർശം (3) പ്രകാരം ടിയാനെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും

നിയന്ത്രണവും അപ്പീലും) റൂൾ സ് 15 പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം/കുറ്റരോപണ പത്രിക നൽകി അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി.

എന്നാൽ പ്രതിവാദ പത്രിക സമർപ്പിക്കുന്നതിന് പകരം ടി വിഷയത്തിന്മേൽ ഒരു ഔപചാരിക അന്വേഷണം നടത്തി തന്റെ നിരപരാധിത്വം തെളിയിക്കുവാൻ അവസരം നൽ കണമെന്ന് ശ്രീ.എസ്.പ്രസന്നകുമാർ പരാമർ ശം (4) പ്രകാരം ആവശ്യപ്പെടുകയുണ്ടായി. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച ഇത് സംബന്ധിച്ച കൂടുതൽ തെളിവുകൾ സ്വീകരിക്കുന്നതിനും വസ്തുതകൾ പുറത്തുകൊണ്ടുവരുന്നതിനുമായി ഒരു ഔപചാരികാന്വേഷണം നടത്തുന്നതിനു പത്തനംതിട്ട (സോഷ്യൽ ഫോറസ്ട്രി) അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ശ്രീ.സി.കെ.ഹാബിയെ അന്വേഷണാധികാരിയായും,പത്തനംതിട്ട (സോഷ്യൽ ഫോറസ്ട്രി) റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.എ.എസ്.അശോകിനെ പ്രസന്റിങ് ഓഫീസറായും നിയമിച്ച് ഉത്തരവാകുന്നു. അന്വേഷണ റിപ്പോർട്ട് 2 മാസത്തിനകം സർക്കാരിനു സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലിയാ ലത്തീഫ് എ
അണ്ടർ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.എസ്.പ്രസന്നകുമാർ ,റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ

ശ്രീ.സി.കെ.ഹാബി, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ,പത്തനംതിട്ട (സോഷ്യൽ ഫോറസ്ട്രി)

ശ്രീ.എ.എസ്.അശോക് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, പത്തനംതിട്ട (സോഷ്യൽ ഫോറസ്ട്രി)

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Shaji A M
സെ Date: 09-06-2022 11:27:20